# നിത്യസഹായമാതാവിനോടുള്ള നൊവേന

പ്രാരംഭഗാനം

നിത്യസഹായമാതേ, പ്രാർത്ഥിക്ക
ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ
പ്രാർത്ഥിക്ക സ്നേഹ നാഥേ!

മൂന്നു പ്രാവശ്യം

കാർമ്മി. ഏറ്റം പരിശുദ്ധയും അമലോത്ഭവകന്യകയും ഞങ്ങളുടെ മാതാവുമായ മറിയമേ, നീ ഞങ്ങളുടെ അഭയസ്ഥാനവും പ്രതീക്ഷയുമാകുന്നു.

സമൂ. ഞങ്ങൾ ഇന്നു അങ്ങേ സന്നിധിയിൽ അണഞ്ഞിരിക്കുന്നു. അങ്ങു ഞങ്ങൾക്കുവേണ്ടി സമ്പാദിച്ചിരിക്കുന്ന എല്ലാ നന്മകൾക്കായും ഞങ്ങൾ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നു. നിത്യസഹായമാതാവേ ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. നിരന്തരം അങ്ങേക്കു ശുശ്രൂഷ ചെയ്തുകൊണ്ടും ഞങ്ങളുടെ ശക്തിക്കനുസൃതമായി മറ്റുള്ളവരെ അങ്ങേ സന്നിധിയിലേക്കാനയിച്ചുകൊണ്ടും അങ്ങയുടെ നേർക്കുള്ള സ്നേഹം ഞങ്ങൾ പ്രകടിപ്പിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നു.

കാർമ്മി. ദൈവസന്നിധിയിൽ ശക്തിയുള്ള നിത്യസഹായമാതാവേ, ഈ നന്മകൾ ഞങ്ങൾക്കായി നീ വാങ്ങിത്തരേണമേ.

സമൂ. പ്രലോഭനങ്ങളിൽ വിജയം വരിക്കുന്നതിനുള്ള ശക്തിയും ഈശോമിശിഹായോടുള്ള പരിപൂർണ്ണസ്നേഹവും നന്മരണവുംവഴി അങ്ങയോടും അങ്ങേ തിരുക്കുമാരനോടും കൂടെ നിത്യമായി ജീവിക്കുന്നതിനു ഞങ്ങൾക്കിടയാകട്ടെ.

കാർമ്മി. നിത്യസഹായ മാതാവേ,

സമൂ. ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

കാർമ്മി. മിശിഹാ കർത്താവേ, അങ്ങേ മാതാവായ മറിയത്തിന്റെ അപേക്ഷയാൽ കാനായിൽ വച്ച് അങ്ങു വെള്ളം വീഞ്ഞാക്കിയല്ലോ. ഇപ്പോൾ നിത്യസഹായ മാതാവിനെ വണങ്ങുന്നതിനായി ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ ദൈവജനത്തെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ യാചനകൾ അങ്ങു സാധിച്ചുതരികയും ഞങ്ങളുടെ ആത്മാർത്ഥമായ കൃതജ്ഞത അങ്ങു സ്വീകരിക്കുകയും ചെയ്യണമേ.

സമൂ. ഓ നിത്യസഹായ മാതാവേ ഞങ്ങൾ ശക്തിയേറിയ അങ്ങയുടെ തിരുനാമം വിളിച്ചപേക്ഷിക്കുന്നു. അങ്ങു ജീവിക്കുന്നവരെ പാലിക്കുന്നവളും മരിക്കുന്നവരെ രക്ഷിക്കുന്നവളുമാകുന്നല്ലോ. അങ്ങയുടെ നാമം എപ്പോഴും പ്രത്യേകിച്ചു ഞങ്ങളുടെ മരണസമയത്തും ഞങ്ങളുടെ അധരങ്ങളിൽ ഉണ്ടായിരിക്കും. അങ്ങയുടെ നാമം ഞങ്ങൾക്ക് ശക്തിയും ശരണവുമാകുന്നു. അനുഗ്രഹീതയായ നാഥേ ഞങ്ങൾ അങ്ങയെ വിളിക്കുമ്പോഴെല്ലാം ഞങ്ങളെ സഹായിക്കേണമേ. അങ്ങയുടെ നാമം ഉച്ചരിക്കുന്നതു കൊണ്ടു മാത്രം ഞങ്ങൾ തൃപ്തരാകുകയില്ല. അങ്ങു യഥാർത്ഥത്തിൽ ഞങ്ങളുടെ നിത്യസഹായ മാതാവാകുന്നുവെന്ന് അനുദിന ജീവിതത്തിൽ ഞങ്ങൾ പ്രഖ്യാപനം ചെയ്യുന്നതാണ്.

കാർമ്മി. സകലവിധ ആവശ്യങ്ങൾക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

സമൂ. ഓ, നിത്യസഹായ മാതവേ ഏറ്റം വലിയ ശരണത്തോടെ ഞങ്ങൾ അങ്ങയെ വണങ്ങുന്നു. ഞങ്ങളുടെ അനുദിന ജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ അവിടുത്തെ സഹായം ഞങ്ങൾ അപേക്ഷിക്കുന്നു.

പരീക്ഷകളും ദുരിതങ്ങളും ഞങ്ങളെ ക്ലേശിതരാക്കുന്നു. പ്രതികൂല സാഹചര്യങ്ങളും വേദനാജനകമായ പോരായ്മകളും ഞങ്ങളുടെ ജീവിതത്തെ ശോകാവൃതമാക്കുന്നു. എല്ലായിടത്തും ഞങ്ങൾ കുരിശിനെയാണഭിമുഖീകരിക്കുന്നത്. കരുണാർദ്രയായ മാതാവേ, ഞങ്ങളിൽ കനിയണമേ. ഞങ്ങളുടെ സങ്കടങ്ങളിൽനിന്നു ഞങ്ങളെ മോചിപ്പിക്കണമേ. തുടർന്നു സഹിക്കുവാനാണ് ദൈവതിരുമനസ്സെങ്കിൽ അവ സന്തോഷത്തോടും ക്ഷമയോടുംകൂടി സ്വീകരിക്കുവാനുള്ള ശക്തി ഞങ്ങൾക്കു നൽകണമേ. ഓ നിത്യസഹായ മാതാവേ ഈ വരങ്ങളൊക്കെയും ഞങ്ങളുടെ നന്മകളിൽ ആശ്രയിക്കാതെ അങ്ങയുടെ സ്നേഹത്തിലും ശക്തിയിലും ശരണംവച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു.

കാർമ്മി. നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ പരിശുദ്ധപിതാവ് (പേര്) മാർപ്പാപ്പയ്ക്കും ഞങ്ങളുടെ മെത്രാന്മാർക്കും വൈദികർക്കും ഞങ്ങളുടെ രാജ്യത്തിലെ എല്ലാ നേതാക്കന്മാർക്കും ജനങ്ങൾക്കും വിജ്ഞാനവും വിവേകവും നൽകണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി. എല്ലാ മനുഷ്യരും സാമൂഹിക സമാധാനത്തിലും മതൈക്യത്തിലും സഹോദരരെപ്പോലെ ജീവിക്കുന്നതിനുള്ള അനുഗ്രഹം നൽകണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി. ഈ നവനാളിൽ സംബന്ധിക്കുന്ന യുവതീയുവാക്കൾക്കു പരിശുദ്ധാരൂപിയുടെ സഹായത്താൽ തങ്ങളുടെ ജീവിതാന്തസ്സു തിരഞ്ഞെടുക്കുവാനുള്ള അനുഗ്രഹം നൽകണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി. ഈ നവനാളിൽ സംബന്ധിക്കുന്ന എല്ലാവരും അങ്ങേ തിരുമനസ്സിനൊത്തവണ്ണം തങ്ങളുടെ ആരോഗ്യം പരിരക്ഷിക്കുന്നതിനും രോഗികൾ അവരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനുമുള്ള അനുഗ്രഹം നൽകണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി. ഞങ്ങളുടെ ഇടയിൽനിന്നും വേർപിരിഞ്ഞുപോയ നവനാൾ ഭക്തരുടെയും എല്ലാ വിശ്വാസികളുടേയും ആത്മാക്കൾക്കു നിത്യവിശ്രമം നൽകണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി. ഈ നവനാളിന്റെയും ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാവരുടെയും പ്രത്യേക നിയോഗങ്ങൾക്കു മാർഗ്ഗനിർദ്ദേശവും സഹായവും നൽകേണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയംവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി. മൗനമായി നമ്മുടെ വ്യക്തിപരമായ അർത്ഥനകൾ നിത്യസഹായ മാതാവിനു സമർപ്പിക്കാം.

നിശ്ശബ്ദം

കാർമ്മി. പ്രസാദവരത്തിന്റെ നവജീവൻ ഞങ്ങൾക്കു നൽകിയിരിക്കുന്നതിനാൽ കർത്താവേ, അങ്ങു ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു.

കാർമ്മി. സഭയുടെ കൗദാശിക ജീവിതത്തിൽ നിന്നു ഞങ്ങൾക്കു ലഭിക്കുന്ന എല്ലാ നന്മകൾക്കുംവേണ്ടി ഞങ്ങളുടെ കൃതജ്ഞത അങ്ങ് സ്വീകരിക്കണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു.

കാർമ്മി. ഞങ്ങളുടെ നവനാൾ കുടുംബത്തിനു നൽകിയിരിക്കുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങൾക്കുംവേണ്ടി ഞങ്ങളുടെ കൃതജ്ഞത അങ്ങു സ്വീകരിക്കണമേ.

സമൂ. കർത്താവേ, ഞങ്ങളുടെ മാതാവായ മറിയം വഴി അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു.

കാർമ്മി. നമുക്കു ലഭിച്ച എല്ലാ ഉപകാരങ്ങൾക്കും വേണ്ടി നിത്യസഹായമാതാവിനു കൃതജ്ഞതയർപ്പിക്കാം.

നിശ്ശബ്ദം

മറിയമേ, നിന്റെ ചിത്രത്തിൽ നിന്നാ
നേത്രങ്ങൾകൊണ്ട് നോക്കുക
നിൻ പാദേ ഇതാ നിൻമക്കൾ വന്നു
നിൽക്കുന്നു അമ്മേ, കാണുക
മാധുര്യമേറും നിൻനേത്രങ്ങൾ ഹാ!
ശോകപൂർണ്ണങ്ങളാണല്ലോ
ആ നിന്റെ തിരു നേത്രങ്ങൾകൊണ്ടു
നോക്കുക മക്കൾ ഞങ്ങളെ.

കാർമ്മി. നമുക്കു പ്രാർത്ഥിക്കാം.

സമൂ. കർത്താവേ ശാരീരികവും മാനസികവുമായ അസ്വാസ്ഥ്യം മൂലം ക്ലേശിക്കുന്ന അങ്ങയുടെ ദാസരെ തൃക്കൺപാർക്കണമേ. അങ്ങു സൃഷ്ടിച്ച ഞങ്ങൾക്ക് ശക്തിയും ജീവനും നൽകണമേ. അങ്ങനെ സഹനം വഴി ഞങ്ങൾ പവിത്രീകൃതരാവുകയും ശുദ്ധരാക്കപ്പെടുകയും അങ്ങയുടെ കാരുണ്യത്താൽ ഞങ്ങൾ അതിവേഗം രോഗവിമുക്തരാവുകയും ചെയ്യട്ടെ. ഈ യാചനകളെല്ലാം കർത്താവീശോമിശിഹാവഴി ഞങ്ങൾക്കു തന്നരുളേണമേ.

ആമ്മേൻ.

കാർമ്മി. (ജനങ്ങളുടെ നേരെ കൈവിരിച്ചു പിടിച്ചുകൊണ്ട്) നിങ്ങളെ സംരക്ഷിക്കുവാൻ കർത്താവീശോമിശിഹാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. നിങ്ങളെ പരിപാലിക്കുവാൻ അവിടുന്നു നിങ്ങളിൽ വസിക്കട്ടെ. നിങ്ങളെ നയിക്കുവാൻ അവിടുന്ന് നിങ്ങളുടെ മുമ്പിലും നിങ്ങളെ പരിരക്ഷിക്കുവാൻ നിങ്ങളുടെ പിമ്പിലും നിങ്ങളെ അനുഗ്രഹിക്കുവാൻ നിങ്ങളുടെ മുകളിലും ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂ. ആമ്മേൻ.

കാർമ്മി. മറിയത്തിനോടൊപ്പം നമുക്കും ദൈവത്തെ സ്തുതിക്കാം.

സമൂ. 'എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു. ഇതാ ഇപ്പോൾമുതൽ

സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാകുന്നു. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും അവിടുന്നു കരുണവർഷിക്കും. അവിടുന്നു തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തരെ സിംഹാസനത്തിൽനിന്ന് താഴെ ഇറക്കുകയും വിനീതരെ ഉയർത്തുകയും ചെയ്തു. അവിടുന്നു വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾക്കൊണ്ടു സംതൃപ്തരാക്കി. സമ്പന്നരെ വെറും കൈയോടെ പറഞ്ഞയച്ചു. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തിനോടും സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനത്തിലെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്നു തന്റെ ദാസനായ ഇസ്രായേലിനെ സംരക്ഷിച്ചു'.

കാർമ്മി. എല്ലാ തലമുറകളിലുമുള്ള ക്രിസ്ത്യാനികളോടു ചേർന്നുകൊണ്ടു നമുക്കു മറിയത്തെ പ്രകീർത്തിക്കുകയും അവിടുത്തെ ശക്തിയേറിയ സംരക്ഷണത്തിന് നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

സമൂ. നന്മനിറഞ്ഞ മറിയമേ സ്വസ്തി. കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമേ.

കാർമ്മി. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സമൂ. സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

കാർമ്മി. നമുക്കു പ്രാർത്ഥിക്കാം.

കർത്താവീശോയേ, അങ്ങയുടെ മാതാവായ മറിയത്തെ എപ്പോഴും സഹായമരുളുവാൻ സന്നദ്ധതയുള്ള അമ്മയായി അങ്ങു ഞങ്ങൾക്കു നൽകിയല്ലോ. ആ അമ്മയെ വണങ്ങുകയും അവളുടെ മാതൃസഹായം ഉത്സാഹപൂർവ്വം തേടുകയും ചെയ്യുന്ന ഞങ്ങൾ അങ്ങയുടെ പരിത്രാണത്തിന്റെ ഫലം എന്നുമനുഭവിക്കാൻ ഇടയാക്കണമെന്ന് നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. ആമ്മേൻ.

മറിയമേ നിന്റെ നിത്യസഹായം
തേടുന്നു ഞങ്ങളമ്മേ
മക്കളെന്നോർത്തു നീ, ഞങ്ങൾ തൻ പ്രാർത്ഥന
ഒക്കെയും കേൾക്കണമേ!
ഭാഗ്യവിഹീനരെ നിത്യവും കാത്തിടാൻ
കെൽപ്പെഴും താങ്ങായ് നിന്നെ
നിൻപുത്രൻ ഏൽപ്പിച്ചു ഭാരമതേറ്റ നീ
ഞങ്ങളെ കാത്തിടണേ.

* * *